## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 80 12.06.2013-ൽ മറുപടിയ്ക്ക്

## പകർച്ചവ്യാധികളുടെ തിരിച്ചുവരവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. റ്റി.എ. റഹിം<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ രംഗത്ത് കേരളം കൈവരിച്ചിരുന്ന നേട്ടങ്ങളെ തകർക്കുന്ന വിധം പകർച്ചവ്യാധികൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; | (എ) ആരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളെ തകർക്കുന്ന തരത്തിൽ പകർച്ചവ്യാധികൾ തിരിച്ചുവരുന്ന അവസ്ഥ ഉണ്ടായിട്ടില്ല. |
| (ബി) ആരോഗ്യ വകുപ്പ് അധികൃതർ ഉൾപ്പെടെയുള്ളവരുടെ നിഷ്ക്രിയത്വമാണ് മലേറിയ , ചിക്കൻഗുനിയ, എലിപ്പനി, മഞ്ഞപ്പിത്തം, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിക്കാൻ കാരണമായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) ശരിയല്ല. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പും പഞ്ചായത്ത്, നഗരകാര്യം, ജലവിഭവം, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യ സുരക്ഷ, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി എല്ലാ വകുപ്പുകളും, പൊതുജനങ്ങളുടെയും, സർക്കാർ ഇതര സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ ഈ വർഷം ജനുവരി മാസം മുതൽ തന്നെ ആരംഭിച്ചു. അതിനുവേണ്ടി സംസ്ഥാന തലത്തിലും ജില്ല, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഇന്റർ സെക്ടറൽ യോഗങ്ങൾ പല തവണ നടത്തുകയും താഴെത്തട്ടിൽ വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണത്തിന് ഡ്രൈഡേ ആചരണം, ബോധവൽക്കരണം, ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ, രോഗ നിരീക്ഷണം തുടങ്ങിയവ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.<br>രോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്തുന്നതിന്റെ ഭാഗമായി ഐ.ഡി.എസ്.പി. വഴി പ്രതിദിന റിപ്പോർട്ടിംഗും, ആഴ്ചതോറുമുള്ള റിപ്പോർട്ടിംഗും കാര്യക്ഷമമാക്കുകയും ഓരോ പ്രദേശത്തും പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ ഊർജ്ജിതമായ രീതിയിൽ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (സി) രോഗവ്യാപനം തടയാനായി എന്തൊക്കെ.നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ? | (സി) രോഗവ്യാപനം തടയാനായി പരിസര ശുചീകരണം, കൊതുകുകളുടെ ഉറവിട നശീകരണം, ബോധവൽക്കരണം തുടങ്ങിയ നടപടികൾക്ക് ഊന്നൽ നൽകി കൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>കൊതുകുജന്യ രോഗനിയന്ത്രണത്തിന് സ് പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവ ഊർജ്ജിതമാക്കി. പകർച്ച വ്യാധികൾക്ക് കാരണമായ സാഹചര്യം സൃഷ്ടിക്കുന്ന വർക്കെതിരെ പൊതുജനാരോഗ്യ നിയമം അനുസരിച്ച് നടപടികൾ എടുത്തു. ഓരോ ജില്ലകളിലും ആവശ്യമായ ഫണ്ടും ലഭ്യമാക്കി.<br><br>രോഗം പൊട്ടിപുറപ്പെട്ട സ്ഥലങ്ങളിൽ ആർ.ആർ.റ്റി (ദ്രുതകർമ്മസേന) പോയി വേണ്ട നിയന്ത്രണ നടപടികൾ കൈക്കൊണ്ടുവരുന്നു. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും അനുബന്ധസാമഗ്രികളും ലഭ്യമാക്കി. ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളുടെ മാനേജ്മെന്റ് പ്രോട്ടോകോൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കി വരുന്നു. ആവശ്യത്തിന് ഡോക്ടർമാരെയും മറ്റു ഉദ്യോഗസ്ഥരെയും വിന്യസിച്ചു മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും പനി വാർഡുകൾ തുടങ്ങി. ഒ.പി. സമയം ദീർഘിപ്പിച്ചു. |

സെക്ഷൻ ഓഫീസർ